## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 706** 29/10/2019-ൽ മറുപടിയ്ക്ക്

# കേരള ബാങ്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ ബാങ്കുകളിൽ നിന്നെല്ലാം വ്യത്യസ്തമായി വാണിജ്യ ബാങ്കുകളോട് മത്സരിക്കുവാൻ പുതുതായി രൂപീകരിക്കുന്ന കേരള ബാങ്കിന് സാധിക്കുമോ; ഇതിനായി എന്തൊക്കെ തയ്യാറെടുപ്പുകളാണ് നടത്തിയിട്ടുള്ളത്; | (എ) | മത്സരാധിഷ്ഠിത ചുറ്റുപാടിൽ പ്രവർത്തിച്ച് നേട്ടങ്ങൾ കൈവരിക്കുവാൻ പ്രാപ്തമായ രീതിയിലായിരിക്കും കേരള ബാങ്ക് രൂപീകരിക്കുക. |
| (ബി) | ശക്തമായ സാമ്പത്തിക കെട്ടുറപ്പ്, സാങ്കേതിക മികവ്, പ്രൊഫഷണൽ മാനേജ്മെന്റ് എന്നിവ കേരള ബാങ്കിന് ഉറപ്പാക്കുവാൻ സാധ്യമാകുമോ; | (ബി) | സാധിക്കുന്നതാണ്. ഇതിനാവശ്യമായ തയ്യാറെടുപ്പുകൾ നടന്നുവരുന്നു. |
| (സി) | അർബൻ ബാങ്കുകൾക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള അതേ മാതൃകയിൽ കേരള ബാങ്കിന്റെ ബോർഡ് ഓഫ് മാനേജ്മെന്റ് രൂപീകരിക്കണമെന്ന് ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുണ്ടോ; | (സി) യും (ഡി) യും | ഉണ്ട്. തികച്ചും ജനാധിപത്യ രീതിയിൽ തന്നെയാവും കേരള ബാങ്ക് പ്രവർത്തിക്കുക. സഹകരണ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണ സമിതിയ്ക്ക് തന്നെയാണ് ഭരണ ചുമതല. ബിസിനസ്സ്, ബാങ്കിംഗ്, സാങ്കേതികത എന്നിവ സംബന്ധമായ ശുപാർശകൾ ഭരണസമിതിയ്ക്ക് നൽകുന്ന ചുമതലകൾ മാത്രമാണ് ബോർഡ് ഓഫ് മാനേജ്മെന്റിന് ഉള്ളത്. ബോർഡ് ഓഫ് മാനേജ്മെന്റ് അംഗങ്ങളുടെ പകുതി ഭരണസമിതിയിലെ അംഗങ്ങളായിരിക്കുന്നതുമാണ്. |
| (ഡി) | പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിലൂടെ സഹകരണ ബാങ്കുകളുടെ നിയന്ത്രണം ആർ.ബി.ഐ. കയ്യടക്കുകയും അതിന്റെ ജനാധിപത്യ സ്വഭാവം ഇല്ലാതാകുന്നതുമായ അവസ്ഥ സംജാതമാകുകയില്ലേ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ